(ബി) കിട്ടിയ അപേക്ഷകളിൽ തീരുമാനമെടുക്കാത്ത അപേക്ഷകളും എത്ര; തീരുമാനമെടുക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ത്;

(സി) ഈ അപേക്ഷകളിൽ കൂടി എത്രയും വേഗം തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പെൻഷൻ കൊടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്ത്?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ എസ്. വരദരാജൻ നായർ):

(എ) മുപ്പത് (30) മുൻ പത്രപ്രവർത്തകർക്കാണ് പെൻഷൻ നൽകിക്കൊണ്ടിരുന്നത്. അവരിൽ ഒരാൾ അന്തരിച്ചതിനെത്തുടർന്ന് (ഡിസംബർ മുതൽ) 29 പേർക്ക് പെൻഷൻ നൽകി വരുന്നുണ്ട്.

66,852 രൂപ 20 പൈസ ചിലവായി.

(ബി) 70 (എഴുപത്). ഇതിലേയ്ക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനുള്ള കാലതാമസമാണ് കാരണം.

(സി) അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ താമസിയാതെ കമ്മിറ്റി കൂടുന്നതാണ്.

(ഡി) പെൻഷൻ കൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നിയമാവലിയുടെ ഒരു കോപ്പി അനുബന്ധമായി വച്ചിട്ടുണ്ട്†

ഹരിജൻ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

* 340 [357] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുവാൻ എന്തെങ്കിലും പരിപാടികൾ ഗവൺമെൻറിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്നു വ്യക്തമാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഉണ്ട്.

(ബി) ജില്ലകൾതോറും ഹരിജൻ സഹകരണ സംഘങ്ങളുടെ പ്രതിനിധികളുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി, ഓരോ സംഘത്തിലേയും പ്രശ്നങ്ങൾ മനസ്സിലാക്കി, സംഘം അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനുള്ള ഒരു പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ മീറ്റിംഗ് വീതം എല്ലാ ജില്ലകളിലും നടന്നു കഴിഞ്ഞു. കെട്ടിട നിർമ്മാണത്തിനും ഓഹരി എടുക്കുന്നതിനുംവേണ്ടി അംഗങ്ങൾക്ക് ഗ്രാൻറ് നൽകുക, കാർഷിക വായ്പ നൽകുന്നതിനുള്ള പ്രൊൽസാഹനഗ്രാൻറ് നൽകുക, ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥൻമാരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. കൂടാതെ ഹരിജൻ-ഗിരിജൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മറ്റുമായി ഒരു ഫെഡറേഷൻ രൂപീകരിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly